പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6581 — 12.07.2012 ൽ മറുപടിയ്ക്ക്

## മോഡൽ സെക്ഷൻ ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) മോഡൽ സെക്ഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (എ) നിലവിലുള്ള എല്ലാ സെക്ഷൻ ഓഫീസുകളും ഇപ്പോൾ മോഡൽ സെക്ഷനുകളായിട്ടാണ് പ്രവർത്തിക്കുന്നത്. |
| (ബി) ഇവയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) സെക്ഷനാഫീസുകൾ മോഡൽ സെക്ഷനുകളായി മാറ്റിയതിനെ തുടർന്ന് താഴെ പറയുന്ന അധിക സേവനങ്ങൾ കൂടി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>1. ജീവനക്കാരെ ബ്രേക്ക്ഡൗൺ, മെയിന്റനൻസ് & ക്യാപിറ്റൽ, റവന്യൂ എന്നീ മൂന്ന് വിംഗുകളിലായി തരം തിരിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൊണ്ട് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം.<br>2. രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പണം അടയ്ക്കുവാനുള്ള സൗകര്യം.<br>3. നൂതന ആശയ വിനിമയ സൗകര്യങ്ങൾ. |

(...2)

4.എല്ലാവിധ പരാതികളും അപേക്ഷകളും രജിസ്റ്റർ ചെയ്യുന്നതിന് അന്വേഷണ കൗണ്ടർ സംവിധാനം കൂടാതെ പൊതുജനങ്ങൾക്ക് ടോയ്-ലെറ്റ് സൗകര്യം, കുടിവെള്ളം എന്നിവ ലഭ്യമാക്കി വരുന്നു. പെർഫോമെൻസ് സ്റ്റാൻഡേർഡ്സ് എല്ലാ സെക്ഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ, മോഡൽ സെക്ഷനുകളിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ള സേവനങ്ങൾ ലഭ്യമാകുന്നില്ല എന്ന് ധാരാളം പരാതികൾ ലഭിച്ചു വരുന്നുണ്ട്. ഇവ പരിശോധിച്ചു വരുകയാണ്.

സെക്ഷൻ ഓഫീസർ